

# എൻഡോസൾഫാൻ

# ഉദയനും ഒരജയും പറയുന്നു, ഇനി വേണ്ടാ....

കവർസ്റ്റോറി ● ജലീൽ പടന്ന

**കാസർകോട്** ജില്ലയിലെ പതിനൊന്നോളം പഞ്ചായത്തുകളിലായി പതിനായിരത്തിലേറെ പേർക്ക് അതിജീവനം പോലും അസാധ്യമാകുംവിധം കടുത്ത ദുരിതം വിതറിയ എൻഡോസൾഫാൻ എന്ന അതിമാരകമായ കീടനാശിനി ഒരു കാരണവശാലും രാജ്യത്ത് നിരോധിക്കില്ലെന്നാണ് കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശരത് പവാർ ലോക്സഭയിലും രാജ്യസഭയിലും അസന്ദിഗ്ധമായി പ്രഖ്യാപിച്ചിരിക്കുന്നത്. പുതുതായി സഭയിലെത്തിയ ചില കന്നിക്കാരുടെ ഒറ്റപ്പെട്ട ശബ്ദങ്ങൾ മാറ്റിനിർത്തിയാൽ കാര്യമായ ഒരു എതിർപ്പും ഈ വിഷയത്തിൽ മന്ത്രിക്ക് നേരിടേണ്ടിവന്നിട്ടില്ല എന്നത് വരാൻ പോകുന്ന അപകടകരമായ സ്ഥിതിവിശേഷത്തിലേക്കുള്ള വ്യക്തമായ സൂചന നൽകുന്നു.

ഏതെങ്കിലും ഒരു പഠനത്തിൽ അപകടകാരിയാണെന്ന്

**എൻഡോസൾഫാൻ എന്ന അതിമാരകമായ കീടനാശിനി ഒരു കാരണവശാലും രാജ്യത്ത് നിരോധിക്കില്ലെന്നാണ് കേന്ദ്ര കൃഷി വകുപ്പ് മന്ത്രി ശരത് പവാർ ലോകസഭയിലും രാജ്യസഭയിലും അസന്ദിഗ്ധമായി പ്രഖ്യാപിച്ചിരിക്കുന്നത്. പുതുതായി സഭയിലെത്തിയ ചില കന്നിക്കാരുടെ ഒറ്റപ്പെട്ട ശബ്ദങ്ങൾ മാറ്റിനിർത്തിയാൽ കാര്യമായ ഒരു എതിർപ്പും ഈ വിഷയത്തിൽ മന്ത്രിക്ക് നേരിടേണ്ടിവന്നിട്ടില്ല എന്നത് വരാൻ പോകുന്ന അപകടകരമായ സ്ഥിതിവിശേഷത്തിലേക്കുള്ള വ്യക്തമായ സൂചന നൽകുന്നു.**

കണ്ടെത്താത്ത ഒരു കീടനാശിനി എങ്ങനെ നിരോധിക്കുംഎന്നാണ് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്താൻ ബാധ്യസ്ഥനായ മന്ത്രിതിരുമനസ്സ് ചോദിക്കുന്നത്. കേന്ദ്ര കൃഷിവകുപ്പ് തന്നെ നേരിട്ട് നടത്തിയ പഠനത്തിലും തെളിഞ്ഞിരിക്കുന്നത് യാതൊരുവിധ പാർശ്വഫലങ്ങളും ഇല്ലാത്ത, കീടങ്ങളെ മാത്രം നശിപ്പിക്കുന്ന, നിലവിലുള്ളതിൽ വെച്ച് ഏറ്റവും മുന്തിയതരം കീടനാശിനിയാണ് എൻഡോസൾഫാൻ എന്നതത്രെ. എന്നാൽ പിന്നെ എന്തുകൊണ്ട് 60 രാജ്യങ്ങൾ ഇത് നിരോധിച്ചു എന്ന ഭരണകക്ഷിയിൽതന്നെ പെട്ട ഒരംഗത്തിന്റെ സംശയം മന്ത്രിയദ്ദേഹത്തെ ഒട്ടും അലോസരപ്പെടുത്തിയില്ല. കേരളത്തിൽ നടത്തിയ പഠനത്തിലും ഈ കീടനാശിനി ഒരു അപകടവും വരുത്തിവെക്കുന്നില്ല എന്നാണ് കണ്ടെത്തിയതെന്ന മന്ത്രിയുടെ വിശദീകരണത്തിനെതിരെ എഴുന്നേറ്റ് നിന്ന പി. രാജീവ് എം.പിയെ സഭാ നേതാവ് വാ തുറക്കാൻ അനുവദിച്ചില്ല. എന്നാൽ നിസ്സാര കാര്യങ്ങൾക്കുപോലും നടുത്തളത്തിലിറങ്ങുകയും കസേരയേറ് നടത്തുകയും ചെയ്യാറുള്ള നമ്മുടെ ജനാധിപത്യ കാവൽക്കാരായ ജനപ്രതിനിധികളിൽ പലരും ഈ സമയം സഭയിൽ നല്ല മയക്കത്തിലായിരുന്നുവത്രെ. കൃഷി മന്ത്രി മുല്ലക്കരയുടെ വഞ്ചി ഇപ്പോഴും തിരുനക്കര തന്നെയാണ്. ഇക്കരയെത്തി മന്ത്രി വാ തുറക്കുമ്പോഴേക്കും കൂടുതൽ 'പവറു'ള്ള മന്ത്രി ഏമാൻ കീടനാശിനി കമ്പനികൾക്ക് വേണ്ടി പുതിയ നിയമങ്ങൾ ചുട്ടെടുത്തിട്ടുണ്ടാകും. ഇപ്പോഴുള്ള താൽക്കാലിക നിരോധത്തെയൊക്കെയും മറികടന്ന് എൻഡോസൾഫാൻ ബാരലുകൾ നിറച്ച കണ്ടയ്നർ വാഹനം കാസർകോട്ടേക്ക് പുറപ്പെട്ടതിന് ശേഷമായിരിക്കും നമ്മുടെ അധികാരികൾ പലതരം കബളിപ്പിക്കൽ വാദവുമായി രംഗത്തെത്തുക.

2002-ൽ കേരള ഹൈക്കോടതിയാണ് എൻഡോസൾഫാന്റെ ഉപയോഗം തടഞ്ഞുകൊണ്ട് ആദ്യമായി ഉത്തരവ് പുറപ്പെടുവിച്ചത്. 2005-ൽ കേരള സർക്കാർ തന്നെ എൻഡോസൾഫാന് നിരോധം ഏർപ്പെടുത്തി. ഇതിന്റെ ചുവടു പിടിച്ച് കർണാടക ഗവൺമെന്റും വിലക്കേർപ്പെടുത്തി. ഇതൊക്കെയും വ്യക്തമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട വസ്തുതകളെ മുൻനിർത്തിയായിരുന്നു. ഇതിനിടെ കീടനാശിനി കമ്പനികളുടെ അച്ചാരം വാങ്ങി രംഗത്തു വന്ന ചില 'വാടക വിദഗ്ധർ' അനുകൂലമായി റിപ്പോർട്ട് എഴുതാനും തയാറായിരുന്നു.



**ഒരു തലമുറയെ മൊത്തം രോഗാതുരമാക്കിയിട്ടും മതിയായില്ലേ നിങ്ങൾക്ക് എന്ന് തൊണ്ടപൊട്ടുമാറ് ഉച്ചത്തിൽ വിളിച്ചു പറയാൻ ശരീരം തളർന്ന ശിഫാനക്കും ഗോപാലകൃഷ്ണനും ഒരജക്കും കഴിയുന്നില്ലെങ്കിലും, അവരുടെ കണ്ണുകളിൽ ഈ രോഷം വായിച്ചെടുക്കാനാവും. കഴിഞ്ഞ ഒന്നര വർഷക്കാലമായി കാസർകോട്ടെ സോളിഡാരിറ്റി പ്രവർത്തകർ ഇവരോടൊപ്പമാണ്.**



ഇങ്ങനെയൊക്കെയാണെങ്കിലും എൻഡോസൾഫാന്റെ ഉൽപാദനവും വിപണനവും രാജ്യത്ത് തകൃതിയായി നടക്കുന്നുണ്ട് എന്നതാണ് യാഥാർഥ്യം. തമിഴ്നാട്ടിൽ നെല്ലിനും, തേയില, പച്ചക്കറി തോട്ടങ്ങളിലും ഇപ്പോഴും ഇത് വ്യാപകമായി തളിക്കുന്നുണ്ടത്രെ. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷന് കീഴിലുള്ള കാസർകോട്ടെ കശുമാവിൻ തോട്ടങ്ങളിൽ ചെയ്തതുപോലെ ആകാശത്തുനിന്നും ഹെലികോപ്റ്റർ വഴി നടത്തുന്ന 'ഏരിയൽ സ്പ്രേ' ഇവിടങ്ങളിൽ പതിവില്ല. മറ്റു പല ലേബലുകൾ ഒട്ടിച്ച കന്നാസുകളിൽ എൻഡോസൾഫാൻ വാളയാർ ചെക്പോസ്റ്റ് വഴി കേരളത്തിൽ എത്തിക്കുന്നുണ്ട് എന്ന വാർത്തയും ഇതിനിടെ പുറത്തുവന്നിട്ടുണ്ട്.

എൻഡോസൾഫാൻ ആഗോളതലത്തിൽതന്നെ നിരോധിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഒക്ടോബർ 12 മുതൽ 16 വരെ ജനീവയിൽ ചേർന്ന പി.ഒ.പി (പെർസിസ്റ്റന്റ് ഓർഗാനിക് പൊല്ല്യൂറ്റന്റ്സ്) റിവ്യൂ കമ്മിറ്റിയിൽ ആകെയുള്ള 31 അംഗങ്ങളിൽ ഇന്ത്യൻ പ്രതിനിധി ഇന്ദ്രാണി ചന്ദ്രശേഖരൻ മാത്രാണ് എൻഡോസൾഫാന് അനുകൂലമായ നിലപാടെടുത്തത്. ആരോഗ്യ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ത്യാ ഗവൺമെന്റ് കാണിക്കുന്ന കാപട്യമായാണ് ലോക പരിസ്ഥിതി സംഘടനകൾ ഇതിനെ വിശേഷിപ്പിച്ചത്. ഇപ്പോൾ 62 രാജ്യങ്ങളാണ് എൻഡോസൾഫാന് നിരോധം ഏർപ്പെടുത്തിയിട്ടുള്ളത്. 1998-ൽ തന്നെ അയൽ രാജ്യമായ ശ്രീലങ്ക ഇതിനെ പടിയടച്ച് പിണ്ഡംവെച്ചിരുന്നു. ബഹുരാഷ്ട്ര കമ്പനിയായ ബെയർ 2010 ഓടെ ഉൽപാദനം പൂർണമായും നിർത്തും എന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ ഉൽപാദിപ്പിക്കുന്ന ഇസ്രയേലിലെ 'മഖ്തേഷിം ആഗം' എന്ന കമ്പനിക്ക് ആന്ധ്രപ്രദേശിൽ യൂനിറ്റ് തുടങ്ങാൻ ഗവൺമെന്റ് അനുമതി നൽകിയിരിക്കുന്നു എന്നു മാത്രമല്ല യൂനിറ്റ് പ്രവർത്തനക്ഷമമായിരിക്കുന്നു എന്നതാണ് ഇതിനിടെ പുറത്തുവന്നിരിക്കുന്ന ദുഃഖകരമായ വാർത്ത.



**തല വളർന്നും കൈകാലുകൾ വളഞ്ഞും കണ്ണ് തള്ളിയും തൊലികൾ വിണ്ട് കീറിയും ഇഴജന്തുക്കളെ പോലെ നീങ്ങുന്ന നൂറുകണക്കിന് മനുഷ്യകോലങ്ങളുടെ ദീനരോദനം അത്യുത്തര ദേശത്തിന്റെ അന്തരീക്ഷത്തിൽ ഇപ്പോഴും നിലച്ചിട്ടില്ല. പക്ഷേ, ഇത് കേൾക്കാനും തിരിച്ചറിയാനും മനസ്സാക്ഷി മരവിച്ചിട്ടില്ലാത്തവർക്കേ സാധിക്കൂ. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ഉപരിവർഗ നേതാക്കൾക്ക് ഇതിന് കഴിയണമെന്നില്ല.**



കേന്ദ്ര കൃഷി മന്ത്രി അടിക്കടി നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്താവനകളും അണിയറയിലെ കരുനീക്കങ്ങളും ചേർത്തു വായിച്ചാൽ സംഗതി വ്യക്തം. ഇനി മാനത്ത് നിന്നും ഒരു ഇരമ്പൽ കേട്ടാൽ മതി, മൂളിയാറിലെ ശാഹിനയുടെയും വാണിനഗറിലെ ഉദയന്റെയും നെഞ്ചകം പൊട്ടാൻ. കഴിഞ്ഞ കുറച്ച് വർഷങ്ങളായി തങ്ങളുടെ തലക്ക് മുകളിൽനിന്നും അപ്രത്യക്ഷമായ ഹെലികോപ്റ്ററുകൾ വീണ്ടും എത്തുമോ എന്നുള്ള ആശങ്കയിലാണ് ഇവർ.

നീണ്ട 22 വർഷം വിഷമഴ വർഷിച്ചതിന്റെ ഫലമായി കാസർകോട്ടെ പ്ലാന്റേഷൻ കോർപ്പറേഷന്റെ എണ്ണായിരത്തോളം ഏക്കർ വരുന്ന കശുമാവിൻ തോട്ടങ്ങളിലെ കീടങ്ങളോടൊപ്പം ചത്തൊടുങ്ങിയ മനുഷ്യ കുഞ്ഞുങ്ങളുടെ ദയനീയ മുഖം കരുണ വറ്റാത്ത കേരളീയ പൊതുമനസ്സ് മറക്കാറായിട്ടില്ല. തല വളർന്നും കൈകാലുകൾ വളഞ്ഞും കണ്ണ് തള്ളിയും തൊലികൾ വിണ്ട് കീറിയും ഇഴജന്തുക്കളെ പോലെ നീങ്ങുന്ന നൂറുകണക്കിന് മനുഷ്യകോലങ്ങളുടെ ദീനരോദനം അത്യുത്തര ദേശത്തിന്റെ അന്തരീക്ഷത്തിൽ ഇപ്പോഴും നിലച്ചിട്ടില്ല. പക്ഷേ, ഇത് കേൾക്കാനും തിരിച്ചറിയാനും മനസ്സാക്ഷി മരവിച്ചിട്ടില്ലാത്തവർക്കേ സാധിക്കൂ. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ഉപരിവർഗ നേതാക്കൾക്ക് ഇതിന് കഴിയണമെന്നില്ല. കാരണം, തല വളർന്ന് എഴുന്നേൽക്കാനാവാത്ത മൂളിയാറിലെ രജിതയും കൈകാലുകൾക്ക് ചലനശേഷിയില്ലാത്തഎൻമകജെയിലെ മുഹമ്മദ് ആസിഫും ബുദ്ധിമാന്ദ്യവും അപസ്മാരവുമുള്ള കാറഡുക്കയിലെ ഒരജയും കൈകാലുകൾ വളഞ്ഞ് ഇഴഞ്ഞു നീങ്ങുന്ന കുണ്ടാറിലെ ഗോപാലകൃഷ്ണയും വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ളവരല്ലല്ലോ. തിരിച്ചറിയൽ കാർഡ് പോയിട്ട് റേഷൻ കാർഡ് പോലും ഇവരിൽ പലർക്കുമില്ല. പിന്നെ എന്തിന് വേണം ഇവരെ നമ്മുടെ രാഷ്ട്രീയക്കാർക്ക്.

കാലമെത്രയായിട്ടും ഒരൊറ്റ തെരഞ്ഞെടുപ്പിൽ പോലും എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്ന പരിഹാരത്തിനുള്ള

ഒരു നിർദേശവും രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ പ്രകടനപത്രികകളിൽ എഴുതിച്ചേർത്തിരുന്നില്ല. മാത്രവുമല്ല ഇത് ഒരു വിഷയമായി ഉയർത്തിക്കൊണ്ടു വരാനോ ചർച്ചക്കെടുക്കാനോ പാർട്ടികളുടെ ജില്ലാ ഘടകങ്ങൾ പോലും താൽപര്യം കാട്ടാറില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്തെ അനുഭവവും മറിച്ചായിരുന്നില്ല. രാജ്യത്തിനു തന്നെ മാതൃകയാകും വിധത്തിൽ സോളിഡാരിറ്റി നടപ്പിലാക്കിയ എൻഡോസൾഫാൻ പുനരധിവാസ പദ്ധതിയുടെ പ്രഖ്യാപന സമ്മേളനത്തിൽനിന്നും മാറിനിൽക്കാൻ ഏറ്റവും കൂടുതൽ ദുരിതബാധിത പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന നിയോജക മണ്ഡലത്തിന്റെ ജനപ്രതിനിധി അറിയിച്ച കാരണം വിദേശത്തുനിന്നും വരുന്ന മകളെ സ്വീകരിക്കാൻ എയർപോർട്ടിൽ പോകാനുണ്ടെന്നായിരുന്നു! കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പുകാലത്ത് *ഏഷ്യാനെറ്റ്* ചാനൽ കാസർകോട്ട് നടത്തിയ 'നേർക്കുനേർ' പരിപാടിയിൽ പങ്കെടുത്ത പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ജില്ലാ സെക്രട്ടറി, എൻഡോസൾഫാനുമായി ബന്ധപ്പെട്ട ചോദ്യത്തിന് നൽകിയ മറുപടി ഇങ്ങനെ: "ജില്ലയിലെ ചില ഭാഗങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നതായി ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ കാര്യം ഉടൻ തന്നെ കേന്ദ്രമന്ത്രിസഭയിൽ അംഗമായ ഞങ്ങളുടെ അഖിലേന്ത്യാ നേതാവിന്റെ ശ്രദ്ധയിൽ പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്." എൻഡോസൾഫാൻ തളിക്കുന്നത് നിർത്തിവെച്ചിട്ട് വർഷങ്ങൾ കഴിഞ്ഞതിനു ശേഷമാണ് നേതാവ് പറയുന്നത്, ഇപ്പോൾ ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന്! നോക്കണേ രാഷ്ട്രീയ നേതാക്കളുടെ അജ്ഞത.

മരിച്ചവരുടെ ബന്ധുക്കൾക്ക് അമ്പതിനായിരം രൂപ വീതം കൊടുത്തു എന്നതൊഴിച്ചാൽ മറ്റു യാതൊരുവിധ പുനരധിവാസ പദ്ധതികളും കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇവരുടെ ചികിത്സ, വിദ്യാഭ്യാസം, മറ്റു അടിസ്ഥാന ജീവിത പ്രശ്നങ്ങൾ ഇവക്കൊന്നും തന്നെ സർക്കാർ തലത്തിൽ മാർഗ നിർദേശങ്ങളില്ല. ഈ മാസം 11-ന് തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ രോഗികൾക്ക് പ്രതിമാസം 250 രൂപ പെൻഷൻ നൽകും എന്നതൊഴിച്ചാൽ ബാക്കിയുള്ളവയൊക്കെയും നേരത്തെ നടത്തിയ പ്രഖ്യാപനങ്ങളുടെ ആവർത്തനം മാത്രമാണ്. ബി.പി.എൽ നിരക്കിൽ അരി നൽകുമെന്നും കാസർകോട് ജനറൽ ആ ശുപത്രിയിൽ എൻഡോസൾഫാൻ രോഗികൾക്ക് മാത്രമായി പ്രത്യേകം വാർഡ് തുറക്കുമെന്നും, ശസ്ത്രക്രിയ ഉൾപ്പെടെ വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് പരിയാരം മെഡിക്കൽ കോളേജിലും മംഗലാപുരത്തെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലും സൗജന്യ സേവനം ലഭ്യമാക്കും എന്നൊക്കെയുള്ള വാഗ്ദാനങ്ങൾ സർക്കാർ ഇതിനു മുമ്പ് ഒന്നിലധികം തവണ പ്രഖ്യാപിച്ചതാണ്. ഒന്നും പ്രാവർത്തികമായില്ലെന്നു മാത്രം. ഇപ്പോൾ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനത്തിലും ആശങ്കകൾ ഒളിഞ്ഞിരിപ്പുണ്ട്. ബജറ്റിൽ ഫണ്ട് നീക്കിവെച്ചതിന് ശേഷമേ ഈ ആശ്വാസ നടപടികൾ നടപ്പിലാക്കാനാകൂ എന്നാണ് അദ്ദേഹം വിശദീകരിച്ചത്. ഇതിനുള്ള നടപടിക്രമങ്ങളൊക്കെ പൂർത്തിയായി വരുമ്പോഴേക്കും ഒരുപാട് രോഗികൾ ഭൂലോകവാസം വെടിഞ്ഞിട്ടുണ്ടാകും.

എന്നാൽ ഇതിനേക്കാളൊക്കെ ഇവിടത്തുകാരെ ആശങ്കപ്പെടുത്തുന്നത് എൻഡോസൾഫാൻ തിരിച്ചുവന്നേക്കുമോ എന്ന ഭീതിയാണ്. ഇപ്പോൾ നടക്കു

ന്ന നീക്കങ്ങൾ ശരിക്കും ഇവരുടെ ഉറക്കം കെടുത്തിയിരിക്കുന്നു. ഒരു തലമുറയെ മൊത്തം രോഗാതുരമാക്കിയിട്ടും മതിയായില്ലേ നിങ്ങൾക്ക് എന്ന് തൊണ്ട പൊട്ടുമാറ് ഉച്ചത്തിൽ വിളിച്ചു പറയാൻ ശരീരം തളർന്ന ശിഫാനക്കും ഗോപാലകൃഷ്ണനും ഒരജക്കും കഴിയുന്നില്ലെങ്കിലും, അവരുടെ കണ്ണുകളിൽ ഈ രോഷം വായിച്ചെടുക്കാനാവും. കഴിഞ്ഞ ഒന്നര വർഷക്കാലമായി കാസർകോട്ടെ സോളിഡാരിറ്റി പ്രവർത്തകർ ഇവരോടൊപ്പമാണ്. ഇവരെ ഊട്ടാനും ഉറക്കാനും പാർപ്പിക്കാനും വിദ്യ പകർന്നു കൊടുക്കാനും മറ്റുമായി സംസ്ഥാന ഭാരവാഹികൾ കഴിഞ്ഞ ഒരു വർഷം ഏറ്റവും കൂടുതൽ ചെലവഴിച്ചത് കാസർകോട്ടായിരുന്നു. സംഘടനാ പരിപാടികൾക്കായിരുന്നില്ല, കരുണ വറ്റാത്ത കേരളീയ പൊതുസമൂഹം അവരെ ഏൽപിച്ച തുക വർധിത മൂല്യത്തോടെ സൂക്ഷ്മതയോടെയും ചിട്ടയോടെയും ദുരിതബാധിതർക്കിടയിൽ ചെലവഴിക്കാൻ. ഇപ്പോൾ ഉരുണ്ടുകൂടിയ പുതിയ കാർമേഘം അവരെയും ചകിതരാക്കുന്നുണ്ട്. ■